**കേരള സർക്കാർ**

സംഗ്രഹം

സഹകരണ വകുപ്പ് -ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിലെ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ ആയി നടപ്പിലാക്കുന്നതിന് - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (പി.എസ്.) വകുപ്പ്**

**സ.ഉ.(സാധാ)നം.629/2020/സഹ.   തീയതി, തിരുവനന്തപുരം,07/12/2020.**

---

പരാമർശം:-
1. കെ.എസ്.ഐ.ടി.സി. മാനേജിംഗ് ഡയറക്ടർ ശ്രീ.എസ്.ഹരികിഷോർ ഐ.എ.എസ്. ൽ നിന്നും 10.09.2020 തീയതിയായി ലഭിച്ചിട്ടുള്ള D.O.Letter No.1056 നമ്പർ കത്ത്.
2. 28.09.2020 തീയതിയായി 270/Prlsecy/Ind&Norka/2020/6 നമ്പരിൽ വ്യവസായം & നോർക്ക വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും ലഭിച്ചിട്ടുള്ള കുറിപ്പ്.
3. 02/12/2020 തീയതിയായി ഐ.ടി.(2)5630/2020 നമ്പരിൽ സഹകരണ സംഘം രജിസ്ട്രാറിൽ നിന്നും ലഭിച്ചിട്ടുള്ള റിപ്പോർട്ട്.

**ഉത്തരവ്**

ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിലെ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ ആയി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിരുന്നു. അതിന്റെ ഭാഗമായി സഹകരണ വകുപ്പിലെ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈൻ ആയി നടപ്പിലാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

സി-ഡിറ്റ് വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ - ICDMS (Integrated Co-operative Department Management System) ലെ ഒരു മോഡ്യൂളിൽ, സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് മുതൽ ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് ആവശ്യമായ ക്രമീകരണം നടത്തുകയും നിലവിൽ ടി സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് എല്ലാ ജില്ലകളിലും സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതെന്നും, സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനുള്ള അപേക്ഷ, വ്യക്തികൾക്ക് നേരിട്ട് ഓൺലൈൻ ആയി

സമർപ്പിക്കുന്ന രീതിയിൽ ടി സോഫ്റ്റ്‌വെയറിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും ഇപ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈൻ ആയി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് അനുമതി നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാർ പരാമർശം (3) റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയും സഹകരണ സംഘം രജിസ്ട്രാറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിലെ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ വ്യക്തികൾക്ക് നേരിട്ട് ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച് കേരള സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി 90 ദിവസത്തിനകം അപേക്ഷയിൽ അന്തിമ തീരുമാനം എടുക്കാൻ കഴിയുന്ന വിധത്തിൽ, സി-ഡിറ്റ് വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ - ICDMS (Integrated Co-operative Department Management System)-ൽ ഉൾപ്പെടുത്തിയിട്ടുള്ള രജിസ്ട്രേഷൻ മോഡ്യൂൾ നടപ്പിലാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സ്വീകരിച്ചിട്ടുള്ള നടപടികൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**മിനി ആന്റണി ഐ.എ.എസ്.**
**സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ടി.സി., കെസ്റ്റൺ റോഡ്, കവടിയാർ,
തിരുവനന്തപുരം - 695003.
അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
ഐ&ഒ. (വെബ് ആന്റ് ന്യൂ മീഡിയ), ഐ.&പി.ആർ.വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ